# THE CHURCH WEEKLY

| Vol: X. | SUNDAY<br>5 th AUGUST 1956. | PRICE 2 ANNAS<br>A COPY | No. 30 |
|---|---|---|---|

# RELIGIOUS INSTRUCTION IN CHRISTIAN COLLEGES

William Stewart

The universities of India do not include Religion among the subjects which they teach. This pointed omission may reflect the "secular" policy of a State, in which different religions are professed, and in which any incursion into the religious field might invite allegations of bias and the danger of bitter controversy. On the other hand, it may reflect the more doubtful assumption of a secular age that the intelligent man has outgrown the need for religion so that an adequate education may safely ignore the whole field.

## Education for Wholeness

Whatever the reason, the exclusion of religion from university education inevitably means a silent but eloquent propagation of the idea that it is a subject unnecessary for the wholeness of man. By thus discounting the whole element of depth which reminds us that man is not summed up in the things of time and space, it does a grave disservice to the true interests of humanity.

This attitude Indian Universities share with some universities of the West, though a number of these are now introducing religious studies. Such modern institutions, products of an age of rationalism, contrast sharply in their foundations with the older universities, products of an Age of Faith, in which theology was the "Queen of the Sciences." These old universities were the outcome of a confidence that truth is a unity, to be seen in a perspective of meaning which is determined by the centrality of the revealed truth of God. By contrast, the modern University, having deliberately set aside religious truth as irrelevant, has been left without a standard to give unity and a pattern of meaning to the whole. Consequently the student has no opportunity to see what a university really is, a place where the wholeness of knowledge is pursued within a total sense of meaning and unity. Instead, as Dr. Nicolas Zernov vigorously pointed out when he was in India 18 months ago, in this age of specialisation and emphasis on technical skill, the university becomes a mere purveyor of heterogeneous sense masses of information which the undergraduate assimilates with no sense of coherent meaning being offered to him.

## Primary Concern in Christian College

This is a situation which no Christian college can accept with equanimity. Whatever may be true of the universities, these Colleges are just as truly religious foundations, visible expressions of a deep faith in the ultimate God-given meaning fulness of the world, as those universities in which theology was the "Queen of the Sciences." Confident that all truth is G d's truth, they will courageously investigate the story of man and nature without fear of being led astray. At the same time, assured that the key to the inmost meaning of all is given in the Word made flesh, they know that the knowledge of Him, so far from being irrelevant in the academic world, is fundamental for man's deepest discovery of himself and his environment.

This is the reason why Christian colleges must continue to give religious instruction to all their students who will receive it. They do not do this out of a pious feeling that they must pay some kind of homage to their foundation, nor yet out of a desperate conviction that somehow Christian propaganda should be made. They do it in the sober conviction that this subject is the most important that can be taught in a university. There is no substitute for it, certainly not any kind of neutral 'moral instruction'; and the student who misses it, misses the key subject which could give meaning to all his other studiers.

## A Shocking Contradiction

Nothing less than this conviction can justify the continued inclusion of Scripture in a college curriculum, but if such a conviction is genuine then clearly the standard of teaching must reflect that high value that we put on it. Unhappily here we encounter a shocking contradiction, for the truth is that in many colleges it is in this class that standards are abysmally low.

In other branches of sudy, care is taken to ensure an adequate number of teaching periods and tutorials. In this branch, there may be as little as one period per week and that at an awkward hour and without roll call. In other branches, there is an exact syllabus and carefully chosen text-books. Here the teacher may be sent into the class with no guidance whatsoever, to teach what he likes. Most serious of all, while in other subjects the university insists on adequately qualified teachers, and colleges are ready to give study leave that they may be still better equipped, this class may be handed over to any teacher who happens to profess the Christian faith without any attempt to ensure that he has made any study of his faith since he left Sunday School. While of course there are honourable exceptions, there are also holders of an M. A. degree who have failed miserably in an elementary examination in Bible knowledge, and there are more of these on college staffs who have

# വേദവായനക്കുറിപ്പുകൾ

ഫാദർ സി. എ. ഏബ്രഹാം, എം. ഏ ബി. ഡി ബി. ലിററ് (ഓക്സൺ)

## സങ്കീർത്തനപ്പുസ്തകം (തുടർച്ച)

തിങ്കൾ—സങ്കീ: 125

യഹോവയിൽ ആശ്രയിക്കുന്നവർ സീയോൻപർവ്വതംപോലെ ഇളകാതിരിക്കുമെന്നും യഹോവ അവരുടെ കോട്ടയാകുന്നുവെന്നും ഈ സങ്കീർത്തനത്തിന്റെ ആദ്യഭാഗം പറയുന്നു. വിശ്വസ്തരായിരിക്കുന്നവർക്കു വേണ്ടിയുള്ള പ്രാർത്ഥനയും വക്രതയുള്ളവർക്ക് ഒരു മുന്നറിയിപ്പുമാണ് ഇതിന്റെ രണ്ടാം ഭാഗം.

ബാബിലോണിൽനിന്നു തിരിച്ചെത്തിയ ഇസ്രായേൽക്കാരുടെ അനുഭവത്തിന്റെ വെളിച്ചത്തിലാണ് ഈ സങ്കീർത്തനം മനസ്സിലാക്കേണ്ടതു്. അവർക്കു പ്രിയപ്പെട്ടവയായിരുന്ന ആലയങ്ങൾ നശിച്ചുപോയിരുന്നെങ്കിലും യെരുശലേമിനെ ചുററിയിരുന്ന പർവ്വതങ്ങൾ സ്ഥിരമായി നിന്നിരുന്നു. അവരുടെ പാറയും സങ്കേതസ്ഥലവുമായ യഹോവയെ അനുസ്മരിപ്പിക്കുന്നതിനു് ഇവ സഹായിച്ചു. പുതിയ ഇസ്രായേലായ സഭയുടെ അടിസ്ഥാനവും കാവൽക്കാരനുമായ പാറ യേശുക്രിസ്തുവാകുന്നു. അഴിഞ്ഞുപോകുന്ന ഈ ലോകത്തിലും വരുവാനുള്ള ലോകത്തിലും ഒരുപോലെ വിശ്വസനീയമായിട്ടുള്ളതു് ദൈവത്തിലുള്ള ഇളകാത്ത വിശ്വാസവും പ്രത്യാശയുംതന്നെ. "ദൈവമെ, നീ ഞങ്ങൾക്കു് എപ്പോഴും കോട്ടയും കൂട്ടും കാവലുമായിരിക്കണമേ."

x x x

ചൊവ്വാ—സങ്കീ. 126

ബാബിലോണിൽനിന്നു് ഇസ്രായേലിനെ ദൈവം തിരിച്ചുവരുത്തിയതു് അത്ഭുതകരമായ ഒരനുഭവമായിരുന്നു. പക്ഷേ, ക്ലേശകരമായ ഒരു പാതയുടെ ആരംഭം മാത്രമായിരുന്നു അതു്. ദക്ഷിണദേശത്തിലെ ഉണങ്ങി വരണ്ട തോടുകളിൽ വെള്ളം നൽകുന്നതുപോലെ ഇസ്രായേലിനും കൃപ ലഭിക്കാൻ സങ്കീർത്തനക്കാരൻ പ്രാർത്ഥിക്കുന്നു. സങ്കടത്തോടെ വിത്തു വിതയ്ക്കുന്നവൻ സന്തോഷത്തോടെ വിളവെടുക്കും എന്നു് ഉറപ്പുള്ളതുകൊണ്ടാണ് സങ്കീർത്തനക്കാരനു പ്രാർത്ഥിക്കാൻ സാധിക്കുന്നതു്.

അടിമത്വത്തിൽനിന്നു് ദൈവം അവരെ വിടുവിച്ച അത്ഭുതത്തിലേക്കു ഇസ്രായേൽ തിരിഞ്ഞുനോക്കി നെടുവീർപ്പിട്ടതുപോലെ ഒരു ക്രിസ്ത്യാനി, അവൻ ക്രിസ്തുവിന്റെ വെളിച്ചത്തിലും സഖ്യത്തിലും വന്നു ചേർന്ന ആദ്യ കാലത്തെപ്പററി ഓർക്കാനിടയുണ്ടു്. ആദ്യത്തെ അത്ഭുതകരമായ അനുഭവത്തിനു ശേഷം ക്രിസ്തുവിനോടു കൂടെ കഷ്ടം അനുഭവിക്കേണ്ടി വരുമെന്നും കണ്ണുനീരോടെ വിതയ്ക്കേണ്ടി വരുമെന്നും പഠിക്കുവാനാണു പ്രയാസം. വിതയ്ക്കുന്നവർക്കുള്ള ഉറപ്പു് അവർതന്നെ വിളവെടുക്കുമെന്നല്ല, ആരെങ്കിലും പിൽക്കാലത്തു വിളവെടുക്കും എന്നാണു്. ആ ഉറപ്പിലാണു് ക്രിസ്തീയ വേല ചെയ്തുകൊണ്ടിരിക്കേണ്ടതു്.

"ദൈവമേ, നിന്റെ നാമത്തിലും കൃപയിലുമുള്ള അദ്ധ്വാനം ഫലംപ്രാപിക്കുമെന്നുള്ള ഉറപ്പിൽ ഞങ്ങളെ വളർത്തേണമേ."

x x x

ബുധൻ—സങ്കീ: 127

സകലവിധ പ്രയത്നങ്ങൾക്കും ഫലം നൽകുന്ന ദൈവത്തിലുള്ള ആശ്രയത്തെപ്പററിയാണ് മനോഹരമായ ഈ സങ്കീർത്തനത്തിന്റെ ആദ്യഭാഗം പറയുന്നതു്. രണ്ടാമത്തെ ഭാഗത്തു് കുടുംബജീവിതത്തിൽ മക്കൾ മൂലമുള്ള അനുഗ്രഹത്തെപ്പററിപറയുന്നു. ഭവന വാഴ്വിനുള്ള ശുശ്രൂഷയിലും പ്രസവാനന്തരം മാതാക്കൾക്കായി നടത്തുന്ന ശുശ്രൂഷയിലും ഉപയോഗിക്കാവുന്ന ഒന്നാണ് ഈ സങ്കീർത്തനം.

സഭ ദൈവത്തിന്റെ ഭവനവും പട്ടണവുമാകുന്നു. അതിന്റെ പണിക്കാരനും കാവൽക്കാരനും ദൈവംതന്നെ. പലപ്പോഴും നമ്മുടെ വാശിയുടെ വിജയവും ലോകപ്രകാരമുള്ള പുരോഗതിയും സഭയുടെ വളർച്ചയായി നാം തെററിദ്ധരിക്കാനിടയുണ്ടു്. സഭയുടെ ശക്തി ധനത്തിലൊ സ്വാധീനബലത്തിലോ അല്ല, സ്വാമക്കളിലാണ്. ധാരാളം മക്കളെ ദൈവത്തിനുവേണ്ടി വീണ്ടും ജനിപ്പിക്കുന്ന സഭയാണ് ദൈവശത്രുക്കളെ പരാജയപ്പെടുത്തുന്നതു്.

"ദൈവമെ നിന്റെ ഇഷ്ടം ഞങ്ങളുടേതായി തീരുവാനും, നിനക്കിഷ്ടമായ മാർഗ്ഗങ്ങളിൽക്കൂടി മാത്രം നിന്റെ സഭയിൽ പ്രവർത്തിക്കുവാനും ഞങ്ങൾക്കു പ്രകാശവും ശക്തിയും തരണമേ."

x x x

വ്യാഴം—സങ്കീ: 28

ഐശ്വര്യവും ഗാർഹിക സന്തോഷവും യഹോവയെ ഭയപ്പെട്ടു് അവന്റെ കല്പനകളെ അനുസരിക്കുന്നവന്റെ ഓഹരിയാണെന്നും, അവൻ യെരുശലേമിന്റെ ഐശ്വര്യത്തെയും സ്വന്ത വംശത്തിൽ പല തലമുറകളേയും കാണുമെന്നും ഈ സങ്കീർത്തനം പറയുന്നു.

സകല നന്മയുടെ അടിസ്ഥാനവും ജ്ഞാനത്തിന്റെ ആരംഭവും ദൈവഭക്തിയിലാകുന്നു എന്നുള്ളതു് ന്യായപ്രമാണവും പ്രവാചകന്മാരും പഠിപ്പിക്കുന്നതാണ്. അതു് സങ്കീർത്തനക്കാരനും എടുത്തു പറയുന്നു. ദൈവഭക്തിയിൽ ജീവിച്ചു നന്മ ചെയ്യുന്നവന്റെ പ്രവർത്തികൾ വിജയിക്കുമെന്നും അങ്ങനെയുള്ളവനു് ഐശ്വര്യം ഉണ്ടാകും എന്നും ഉള്ളതു് പ്രത്യക്ഷത്തിൽ അത്ര ശരിയല്ലെന്നു തോന്നിയേക്കാമെങ്കിലും, അതു പൂർണ്ണമായി ശരിതന്നെയാണ്. ലോകത്തിലു

---

തിരശ്ശീല വീണു കഴിഞ്ഞു് നാം വാസ്തവികമായ ലോകത്തിലേക്കു പ്രവേശിക്കുമ്പോൾ നീതി പരിപൂർണ്ണമായ രീതിയിൽ നിർവഹിക്കപ്പെടുകതന്നെ ചെയ്യും, സംശയമില്ല.

ഇപ്പോൾ നമുക്കു ലഭിച്ചിട്ടുള്ള വീക്ഷണകോടി വളരെ പരിമിതമായ ഒന്നാണ്. അതിന്റെ ഫലമായി, കാര്യങ്ങൾ അതിന്റെ ശരിയായ അർത്ഥത്തിലോ രൂപത്തിലോ കാണാൻ കഴിഞ്ഞെന്നിരിക്കയില്ല. വളരെ പ്രകടമായ രീതിയിലുള്ള അനീതിയും അർത്ഥരഹിതമായി തോന്നുന്ന ദുരന്തസംഭവങ്ങളും കാലക്കേടുകളും ചിലപ്പോൾ നമ്മുടെ സുബോധത്തെത്തന്നെ ഇളക്കി മറിക്കാറുണ്ടു്. നമുക്കുള്ളതിനേക്കാൾ കുറഞ്ഞ സ്നേഹവും നീതിയും സദ്‌വാസനകളുമുള്ള ഒരു ദൈവത്തെ വിഭാവനം ചെയ്യാൻ നമുക്കു സാധിക്കും; അങ്ങനെയൊരാളെ ദൈവമായി പരിഗണിച്ചു്, അയാളെ കാണുന്നതിനും തൊടുന്നതിനുമെല്ലാം കുററപ്പെടുത്തുക വികലമായ ഒരു സുഖം നൽകാതിരിക്കയില്ല. പക്ഷേ ആ വഴി നമ്മെ ഒരിടത്തും എത്തിക്കുകയില്ല. കേവലം നിരാശതയെ ആരാധിക്കുക അസാദ്ധ്യമായ ഒരു സംഗതിയാണ്.

—o—

Licence No. 498 M. Reg. No.5286

# THE CHURCH WEEKLY

ഭക്ഷണം പാനം ഇവകൂടിയുണ്ടെന്നു് പഠിപ്പിക്കുന്ന കിറിൻതോസിന്റെയോ വേറൊരു യൂഹാനോന്റെയോ ആകുന്നു. ഈ പേരിൽ അറിയപ്പെടുന്ന രണ്ടു ശവകുടീരങ്ങൾ എഫേസോസിൽ ഉണ്ടു്."

ഉർശാനീസിന്റെ (Origen) ഹെബ്രായ ലേഖന വ്യാഖ്യാനത്തിൽ നിന്നുള്ള മറെറാരുദ്ധരണിയാണു് വെളിപാടുപുസ്തകത്തെപ്പററി ഹൂദായ കാനോനിലുള്ളതു്.

"പൌലോസിന്റെ വെളിപാടു്, മററു് വെളിപാടുകൾ, ശ്ലീഹന്മാരുടെ ഉപദേശം, ബർനാബായുടെ ലേഖനങ്ങൾ, തുബിയാ, റോഴയാ, ബാറാസീറോ ഇവയും സഭയിൽ അംഗീകരിക്കപ്പെട്ടിരിക്കുന്നു. എന്നാൽ റോമായുടെ (Shepherd of Hermas) പുസ്തകവും യൂഹാനോന്റെ വെളിപാടും പലരും കൈക്കൊള്ളുന്നില്ല"

പരസ്പരം പരിപൂർണ്ണമായി യോജിക്കാത്ത ലിസ്റ്റുകളാണു് കാനോൻ ഉദ്ധരിക്കുന്നതു്. ഈ ലിസ്റ്റുകളിലെ സംശയാസ്പദങ്ങളായ പുസ്തകങ്ങളിൽ നിന്നും സഭയിൽ വായിക്കുവാൻ ക്രമപ്പെടുത്തിയിട്ടുള്ളതായി നാം കാണുന്നുമില്ല. ക്ലീമീസിന്റെ പുസ്തകങ്ങൾ വായിച്ചിട്ടുള്ളവർ നമ്മുടെ സഭയിൽ എത്രയോ കുറവാണു്. അപ്രകാരം തന്നെ വി: ഉർശാനീസ് പറയുന്ന പല പുസ്തകങ്ങളും ഉണ്ടെന്നുതന്നെ നമ്മിൽ പലർക്കും അറിവില്ല.

എന്നാൽ പുതിയനിയമത്തിലെ പുസ്തകങ്ങൾ ഇന്നിന്നവയാണെന്നു് ഖണ്ഡിതമായ ഒരു നിർദ്ദേശം ബാർഎബ്രായ ഹൂദായയായി നൽകുന്നുമില്ല.

ബാർ എബ്രായയുടെ കാനോന്റെ അടിസ്ഥാനത്തിൽ മാത്രം നോക്കുകയാണെങ്കിൽ വെളിപാടുപുസ്തകം കാനോനികമാണോ എന്നചോദ്യത്തിനുള്ള ഉത്തരം "അല്ല" എന്നുമാത്രമാണു്.

എങ്കിലും സഭയിലെ വിശ്വാസപരമായ കാര്യങ്ങളിൽ സംശയമുണ്ടാകുമ്പോൾ, 13-ാം നൂററാണ്ടിൽ ഒരു പിതാവു് തനിക്കു് സ്വീകാര്യമെന്നു് തോന്നിയ കാര്യങ്ങളെ കൂട്ടിച്ചേർത്തുണ്ടാക്കിയ ഒരു ഗ്രന്ഥത്തെ മാത്രം ആസ്പദമാക്കി ഒരവസാനതീരുമാനം ചെയ്യുവാൻ നമുക്കവകാശമുണ്ടോയെന്നുള്ള കാര്യത്തെപ്പററി എനിക്കു് വ്യക്തിപരമായി വളരെയധികം സംശയമുണ്ടു്.

സഭയുടെ വിശ്വാസത്തിന്റെ അടിസ്ഥാനം എന്താണെന്നുള്ളതു് പ്രശ്നാത്മകമായ ഒരു സജീവ വാദവിഷയമാണു്. എന്നാൽ പുതിയനിയമത്തിന്റെ കാനോനെ സംബന്ധിച്ചിടത്തോളം 13-ാം നൂററാണ്ടിൽ വി: ബാർ എബ്രായോ ചെയ്തതുപോലെ പിതാക്കന്മാരുടെ എഴുത്തുകളെ ആധാരമാക്കി ഒരു പുതിയ തീരുമാനം ചെയ്യേണ്ടതു് ഇന്നത്തെ സഭയിലെ മല്പാന്മാരുടെയും പിതാക്കന്മാരുടെയും ചുമതലയാണെന്നാണു് എന്റെ വിശ്വാസം. വെളിപാടുപുസ്തകത്തിന്റെ കാനോനികതയെ സംബന്ധിക്കുന്ന ചരിത്രപരമായ വാസ്തവങ്ങൾ അടുത്തലക്കത്തിൽ. (തുടരും)

## ട്രാവൻകൂർ ഫോർവ്വേഡ് ബാങ്കു് (ക്ലിപ്തം)

### ഹെഡ് ആഫീസ്: കോട്ടയം

| | |
|---|---|
| അധികൃതമൂലധനം | രൂ 50,00,000 |
| വാഗ്ദത്തമൂലധനം | രൂ 25,00 000 |
| നിക്ഷിപ്തമൂലധനം | രൂ 15,00,000 |
| കരുതൽധനം | രൂ 6,97 000 |
| പ്രവർത്തനമൂലധനം | രൂ 4,52,61,000 |

[31-12-55]

ശരിയായ ഈടിന്മേൽ കുറഞ്ഞ കാലത്തേക്കു വായ്പ അവശ്യമുള്ളവർ ഞങ്ങളുടെ 47 ശാഖകളിൽ ഏതിനെയെങ്കിലും സമീപിക്കുക.

ബാങ്കിംഗ് സംബന്ധമായ എല്ലാ പ്രവൃത്തനങ്ങളും നടത്തിവരുന്നു.

Look forward and bank
With Forward Bank.

സി. എം. ചെറിയാൻ
സെക്രട്ടറി

## ചർച്ചുവീക്കിലി വരിസംഖ്യ

എപ്പോഴും മുൻകൂർ.

| | രൂ. | ണ. | സ. |
|---|---|---|---|
| ഒരു വർഷത്തേക്കു് | 6 | 0 | 0 |
| 6 മാസത്തേക്കു് | 3 | 0 | 0 |
| ഒററപ്രതി | 0 | 2 | 0 |
| ഇൻഡ്യക്കുവെളിയിൽ | 8 | 0 | 0 |

—o—

Printed and Published by N. M. Abraham B. A at the Malayala Manorama Press. Kottayam